ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ. 8895/ഐ.റ്റി സെൽ/2010/എൻ.സി.സി — 21 ഫെബ്രുവരി 2022

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ എൻ.സി.സി യൂണിറ്റുകൾക്കും
ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും

സർ,

വിഷയം : എൻ.സി.സി എസ്റ്റാ – എൻ.സി.സി വകുപ്പിൽ ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നത് – സംബന്ധിച്ച്.

സൂചന : എൻ.സി.സി ഡയറക്ടറേറ്റ് കത്ത് നമ്പർ 8895/ഐ.റ്റി സെൽ/2010/ എൻ.സി.സി തീയതി 13 ജനുവരി 2012.

1. സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം എൻ.സി.സി ഡയറക്ടറേറ്റിലും അതിനു കീഴിൽ വരുന്ന 47 ഓഫീസുകളിലും ബയോമെട്രിക് ഫേഷ്യൽ റിക്കഗ്നീഷൻ ടൈം അറ്റന്റൻസ് സിസ്റ്റം നടപ്പിലാക്കുന്ന വിവരവും ടി പ്രവൃത്തി പൂർത്തിയാക്കുന്നതിന് C-Dit-നെ ചുമതലപ്പെടുത്തിയിരിക്കുന്ന വിവരവും യൂണിറ്റുകളെയും ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളെയും അറിയിച്ചിരുന്നു. ഇതിൻ പ്രകാരം C-Dit ഇൻസ്റ്റളേഷൻ വർക്കുകൾ പൂർത്തീകരിച്ചതായി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ യൂണിറ്റുകളും ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും നിലവിലെ ഓഫീസ് സമയവും ക്രമീകരണങ്ങളും അനുസരിച്ച് ഫെബ്രുവരി 25 മുതൽ ട്രയൽ പഞ്ചിംഗ് ആരംഭിക്കേണ്ടതാണ്. എല്ലാ ഓഫീസുകളും ദിവസേന റിപ്പോർട്ട് എടുക്കേണ്ടതും ഇത് ഓഫീസ് മേലധികാരികൾക്ക് ഹാജർ ബുക്കിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

2. ട്രയൽ പഞ്ചിംഗ് നടത്തുന്ന സാഹചര്യത്തിൽ റിപ്പോർട്ടുകൾ യഥാവിധം ജനറേറ്റ് ചെയ്യുന്നുണ്ടെന്നും, ജീവനക്കാർക്ക് പഞ്ചിംഗ് രേഖപ്പെടുത്തുന്നതിൽ തടസ്സം നേരിടുന്നില്ല എന്നും ഡി.ഡി.ഒമാർ ഉറപ്പക്കേണ്ടതാണ്. ഏതെങ്കിലും വിധ സാങ്കേതിക തടസ്സം നേരിടുന്നുണ്ടെങ്കിൽ ആയത് അതാത് റീജിയണിലെ C-Dit അധികാരികളുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്. (Contact details ചുവടെ ചേർക്കുന്നു.) ട്രയൽ പഞ്ചിംഗ് നടത്തുന്ന പീരിയഡിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഓഫീസുകൾ ഉടൻ തന്നെ സമർപ്പിക്കേണ്ടതാണ്.

....2/

3. എൻ.സി.സി ഡിപ്പാർട്ട്മെന്റിൽ പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉടനടി പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത നിർദ്ദേശം ലഭ്യമാക്കുന്നതു വരെ നിലവിലെ ഓഫീസ് സാഹചര്യങ്ങൾ അനുസരിച്ചുള്ള ട്രയൽ പഞ്ചിംഗ് തുടരേണ്ടതാണ്.

വിശ്വസ്തതയോടെ,

(സുമി സന്ദീപിക ജി മാസ്റ്റർലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്ക് വേണ്ടി

Contact Details

| | |
|---|---|
| Trivandrum | - 9020690880 |
| Ernakulam | - 9847011954 |
| Calicut | - 8547484306/8086468306 |
| Kollam | - 7012708349 |